# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 19/ 06/ 2018


## സ്വകാര്യ സ്കൂൾ വാഹനങ്ങൾക്ക് നമ്പർ സ്റ്റിക്കർ നൽകുന്നു.

കൊല്ലം : വർദ്ധിച്ചുവരുന്ന സ്കൂൾ വാഹനങ്ങളുടെ അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്കൂൾകുട്ടികളെ കൊണ്ടുപോകുന്ന സ്വകാര്യവാഹനങ്ങൾക്ക് നമ്പർ സംവിധാനം



കൊല്ലം സിറ്റി പോലീസ് ഏർപ്പെടുത്തി. സ്വകാര്യ സ്കൂൾ വാഹനം ഓടിക്കുന്നവർ അതാത് സ്റ്റേഷനുകളിൽ നിന്നും കേസ്സുകൾ ഒന്നും തന്നെ നാളിതുവരെയില്ലാ എന്ന് കാണിക്കുന്ന പോലീസ് ക്ലീയറിംങ് സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുന്ന മുറയ്ക്ക് അതാത് സ്റ്റേഷന്റെ നമ്പരും വാഹനത്തിന് പ്രത്യേക നമ്പരും അനുവദിച്ച് നൽകുന്നു. ഈ നമ്പരുകൾ ഉൾപ്പെടുത്തിയ സ്റ്റിക്കർ വാഹനത്തിന്റെ മുൻവശത്ത് പതിച്ച് നൽകുന്നു. കൊല്ലം സിറ്റി പരിധിയിൽ ഓടുന്ന സ്വകാര്യ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നവർ അവരവരുടെ സ്റ്റേഷനുകളിൽ നിന്ന് സ്റ്റിക്കർ കൈപ്പറ്റേണ്ടതാണ്. സ്റ്റിക്കർ പതിപ്പിച്ച വാഹനങ്ങളുടെയും ഡ്രൈവറുടേയും ഫോട്ടോ ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നതാണ്. ഇനി സ്റ്റിക്കർ പതിക്കാത്ത സ്വകാര്യ സ്കൂൾ വാഹനങ്ങളിൽ കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കാതിരിക്കാൻ രക്ഷാകർത്താക്കൾ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.




സ്റ്റിക്കർ വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം കൊല്ലം ആശ്രാമം മൈതാനത്ത് ഇന്ന് ( 19.06.18) കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ. അരുൾ. ആർ.ബി കൃഷ്ണ ഐ.പി.എസ് വാഹനത്തിൽ സ്റ്റിക്കർ പതിച്ച് നിർവ്വഹിച്ചു. ചടങ്ങിൽ കൊല്ലം സിറ്റി ക്രൈം ബ്രാഞ്ച് അസി പോലീസ് കമ്മീഷണർ എ.അശോകൻ, ക്രൈം ബ്രാഞ്ച് അസി. സബ്ബ് ഇൻസ്പെക്ടർ എച്ച്. ഷാനവാസ് എന്നിവർ സംസാരിച്ചു. സിറ്റി പരിധിയിലെ 700 ഓളം സ്വകാര്യ സ്കൂൾ വാഹനങ്ങൾക്ക് സ്റ്റിക്കർ വിതരണം ചെയ്തിട്ടുണ്ട്